# കേരള സർവകലാശാല

നം.പി.ആർ.226/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി സ്പോട്ട് അഡ്മിഷൻ നവംബർ 29-ന്

കേരള സർവകലാശാല പി.ജി കോഴ്സിന് അവശേഷിക്കുന്ന സീറ്റുകളിലേക്ക് നവംബർ 29-ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അന്നേദിവസം രാവിലെ 10 മണിക്കകം അതത് കേന്ദ്രങ്ങളിൽ എത്തുന്ന, ഇതുവരെ പ്രവേശനം ലഭിക്കാത്തവരെയായിരിക്കും പരിഗണിക്കുക. നവംബർ രണ്ട്, മൂന്ന് തീയതികളിൽ നടന്ന സ്പോട്ട് അഡ്മിഷനിലെ റാങ്ക് ലിസ്റ്റ് അനുസരിച്ചായിരിക്കും പ്രവേശനം നടത്തുക. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും യു.ഐ.ടികളിലും അതത് കോളേജുകളിൽ വച്ച് പ്രവേശനം നടത്തും. ഗവ./എയ്ഡഡ് കോളേജുകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും മാത്രമായിരിക്കും പ്രവേശനം നടത്തുക.

കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സ്വാശ്രയ കോളേജുകളിലേക്ക് കൊല്ലം (മുളങ്കാടകം) യു.ഐ.ടിയിൽ വച്ചും ആലപ്പുഴ ജില്ലയിലെ സ്വാശ്രയ കോളേജുകളിലേക്ക് ആലപ്പുഴ യു.ഐ.ടിയിൽ വച്ചും തിരുവനന്തപുരം ജില്ലയിലെ സ്വാശ്രയ കോളേജുകളിലേക്ക് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വച്ചും പ്രവേശനം നടത്തും. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത അപേക്ഷയുടെ ഒരു പ്രിന്റൗട്ടുകൂടി കൊണ്ടുവരണം. പ്രവേശന ഫീസായ 720 രൂപ അന്നുതന്നെ അടയ്ക്കേണ്ടതാണ്. യു.ഐ.ടികളിലും സ്വാശ്രയ കോളേജുകളിലും റാങ്ക് ലിസ്റ്റ് അവസാനിച്ചുകഴിഞ്ഞാൽ ഓൺലൈൻ രജിസ്ട്രേഷനുള്ള മറ്റ് വിദ്യാർത്ഥികളെ പരിഗണിക്കും. ഈ സ്പോട്ട് അഡ്മിഷനിൽ കോളേജ് മാറ്റം അനുവദിക്കുന്നതല്ല. നിലവിൽ റാങ്ക് ലിസ്റ്റ് പൂർണ്ണമായി അവസാനിച്ചു കഴിഞ്ഞ വിവിധ കോഴ്സുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. ഈ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ പാളയം സെനറ്റ് ഹാളിൽ വച്ചായിരിക്കും നടക്കുന്നത്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### പി.ജി സ്പോട്ട് അഡ്മിഷൻ : സീറ്റു വിവരം

കേരള സർവകലാശാല തിരുവനന്തപുരം ജില്ലയിലെ സ്വാശ്രയ കോളേജുകളിലേക്കുള്ള പി.ജി സ്പോട്ട് അഡ്മിഷൻ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വച്ച് നവംബർ 29-ന് സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ പത്ത് മണിവരെ രജിസ്റ്റർ ചെയ്യുന്ന ഇതുവരെ പ്രവേശനം ലഭിക്കാത്തവർക്കുവേണ്ടിയാണ് സ്പോട്ട് അഡ്മിഷൻ നടത്തുക.

ഇംഗ്ലീഷ് - 7 സീറ്റ് (നാഷണൽ കോളേജ് - 1, വാഴിച്ചൽ ഇമ്മാനുവേൽ കോളേജ് - 4, ഡോ. പൽപ്പു കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് - 2), ബയോകെമിസ്ട്രി 4 സീറ്റ് (വാഴിച്ചൽ ഇമ്മാനുവേൽ കോളേജ്), ബയോഇൻഫർമാറ്റിക്സ് - 4 സീറ്റ് (മണക്കാട് നാഷണൽ കോളേജ്), ബയോടെക്നോളജി - 2 സീറ്റ് (തോന്നയ്ക്കൽ എ.ജെ കോളേജ്), കമ്പ്യൂട്ടർ

സയൻസ് - 11 സീറ്റ് (നാഷണൽ കോളേജ് - 1, ധനുവച്ചപുരം കോളേജ് ഓഫ് സയൻസ് - 9, തോന്നയ്ക്കൽ എ.ജെ കോളേജ് - 1), ഇലക്ട്രോണിക്സ് - 10 സീറ്റ് (ധനുവച്ചപുരം സി.എ.എസ്), ജ്യോഗ്രഫി - 4 സീറ്റ് (വാഴിച്ചൽ ഇമ്മാനുവേൽ കോളേജ്), ഫിസിക്സ് - 1 സീറ്റ് (വാഴിച്ചൽ ഇമ്മാനുവേൽ കോളേജ്) ഒഴിവുണ്ട്. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗവ./എയ്ഡഡ് കോളേജുകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും മാത്രമായിരിക്കും പ്രവേശനം നടത്തുക.

സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത അപേക്ഷയുടെ ഒരു പ്രിന്റൗട്ടുകൂടി കൊണ്ടുവരണം. പ്രവേശന ഫീസായ 720 രൂപ അന്നുതന്നെ അടയ്ക്കേണ്ടതാണ്. യു.ഐ.ടികളിലും സ്വാശ്രയ കോളേജുകളിലും റാങ്ക് ലിസ്റ്റ് അവസാനിച്ചുകഴിഞ്ഞാൽ ഓൺലൈൻ രജിസ്ട്രേഷനുള്ള മറ്റ് വിദ്യാർത്ഥികളെ പരിഗണിക്കും. ഈ സ്പോട്ട് അഡ്മിഷനിൽ കോളേജ് മാറ്റം അനുവദിക്കുന്നതല്ല. നിലവിൽ റാങ്ക് ലിസ്റ്റ് പൂർണ്ണമായി അവസാനിച്ചു കഴിഞ്ഞ വിവിധ കോഴ്സുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. ഈ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ പാളയം സെനറ്റ് ഹാളിൽ വച്ചായിരിക്കും നടക്കുന്നത്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## എൽ.എൽ.ബി: പുതുക്കിയ തീയതി

നവംബർ 29 മുതൽ നടത്താനിരുന്ന എൽ.എൽ.ബി നാലാം സെമസ്റ്റർ (ത്രിവൽസരം), എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) പരീക്ഷകൾ (2011 നു മുമ്പുള്ള അഡ്മിഷൻ & 2012 അഡ്മിഷൻ) ഡിസംബർ 8 മുതൽ നടത്തും. പുതുക്കിയ ടൈംടേബിൾ പിന്നീട് അറിയിക്കും

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
28.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ